⇨ *നിത്യാനന്ദ് ജയരാമന്റെ മുൻകൈയിൽ ഒരു സംഘം കലാകാരന്മാർ പുറമ്പോക്ക് പാട്ടിനായി ഒന്നിച്ചു* ⇨

# കൃഷ്ണ പാടുകയാണ്, പുറമ്പോക്കുകളെ വീണ്ടെടുക്കാൻ

കർണ്ണാടക സംഗീതത്തിന്റെ പരമ്പരാഗത വഴികളിൽ നിന്നും തികഞ്ഞ ബോധ്യങ്ങളോടെ വഴിമാറി നടക്കുന്ന ടി.എം. കൃഷ്ണ ചെന്നൈ നഗരത്തിന്റെ കുപ്പത്തൊട്ടിയായിത്തീർന്ന എന്നോറിലെ പുറമ്പോക്കിലിരുന്ന് പാടിയ 'ചെന്നൈ പുറമ്പോക്ക് പാടൽ' പൊതുവിനെ വീണ്ടെടുക്കാനുള്ള സംഗീത ഇടപെടലായി മാറുകയാണെന്ന്

**ഹർഷാദ്**

"എല്ലാ സംഗീതവും പിറവിയെടുക്കുന്നത് അതിന്റേതായ സന്ദർഭങ്ങളിൽ നിന്നാണ്. അതിന്റേതായ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക സന്ദർഭങ്ങളിൽ നിന്ന്" - എന്ന് ഒരു അഭിമുഖത്തിൽ പ്രശസ്ത കർണ്ണാടക സംഗീതജ്ഞൻ ടി.എം. കൃഷ്ണ പറയുകയുണ്ടായി. അദ്ദേഹം സൂചിപ്പിച്ചതുപോലെയുള്ള ഒരു പ്രത്യേക ചരിത്രസന്ദർഭത്തിൽ നിന്നാണ് 'ചെന്നൈ പുറമ്പോക്ക് പാടൽ' എന്ന സംഗീത ആൽബവും ആവിർഭവിക്കുന്നത്. കർണ്ണാടക സംഗീതത്തിന്റെ പരമ്പരാഗത വഴികളിൽ നിന്നും തികഞ്ഞ ബോധ്യങ്ങളോടെ വഴിമാറി നടക്കുന്ന ടി.എം. കൃഷ്ണ തന്നെയാണ് ചെന്നൈ നഗരത്തിന്റെ കുപ്പത്തൊട്ടിയായിത്തീർന്ന എന്നോറിലെ പുറമ്പോക്കിലിരുന്ന് 'പുറമ്പോക്ക് പാടലി'ന് ശബ്ദവും രൂപവും നൽകിയിരിക്കുന്നത്. ഉപരി-മധ്യവർഗ്ഗത്തിന് മാത്രം ആനന്ദം പകരാനുതകും വിധമുള്ള വരേണ്യമായ സംഗീതസഭകളിൽ നിന്നും കർണ്ണാടക സംഗീതത്തെ ചേരികളിലേക്കും തെരുവിലേക്കും എത്തിച്ച ടി.എം. കൃഷ്ണ ഇത്തവണ എന്നോറിലെ പുറമ്പോക്കിലിരുന്ന് പാടുമ്പോൾ മറ്റുചില വിശാലലക്ഷ്യങ്ങൾ കൂടി അതിനുണ്ടായിരുന്നു. കേവലം ആനന്ദത്തിനുള്ള ഉപാധി എന്നതിലുപരിയായി, കലയിൽ അർപ്പിതമായിരിക്കുന്ന സാമൂഹിക മാനങ്ങൾക്ക് പൂർണ്ണത നൽകുന്നുണ്ട് 'പുറമ്പോക്ക് പാടൽ' എന്ന ടി.എം. കൃഷ്ണയുടെ പാട്ട്. കൃഷ്ണ ഒറ്റയ്ക്കായിരുന്നില്ല, പ്രമുഖ പരിസ്ഥിതി പ്രവർത്തകനായ നിത്യാനന്ദ് ജയരാമന്റെ മുൻകൈയിൽ ഒരു സംഘം കലാകാരന്മാർ പുറമ്പോക്ക് പാട്ടിനായി ഒന്നിച്ചു. കമ്പോളത്തിന്റെ താത്പര്യങ്ങൾക്കനുസരിച്ച് എല്ലാ മനുഷ്യവ്യവഹാരങ്ങളും കൂടുതൽ സ്വകാര്യവത്കരിക്കപ്പെട്ടിരിക്കുന്ന ഒരു കെട്ട കാലത്ത്, അതിന്റെ ദുരന്തങ്ങൾ സ്പഷ്ടമാക്കിക്കൊണ്ട് പൊതുവിനെ (common) വീണ്ടെടുക്കാനുള്ള സംഗീത ഇടപെടലാണ് പുറമ്പോക്ക് പാടൽ നിർവഹിക്കുന്നത്.

### എന്താണ് പുറമ്പോക്ക്?

പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്ന ഭൂമിയെ/സ്ഥലത്തെ സൂചിപ്പിക്കുന്ന വാക്കായ 'പുറമ്പോക്ക്' തമിഴിൽ ഒരു വ്യക്തിയേയോ സ്ഥലത്തേയോ മോശമായി ചിത്രീകരിക്കാനാണ് കുറേക്കാലമായി ഉപയോഗിക്കപ്പെടുന്നത്. പ്രാചീന തമിഴിൽ പുറമ്പോക്ക് എന്ന വാക്ക് പങ്കുവയ്ക്കലിനെയും പങ്കുവച്ചുകൊണ്ടുള്ള ഉപയോഗത്തേയും സൂചിപ്പിക്കുന്ന ഒന്നായിരുന്നു. എന്നാൽ 'പോടാ പുറമ്പോക്കേ' എന്ന വിളി

തമിഴ്നാട്ടിലെത്തിയാൽ പതിവായി കേൾക്കാറുള്ള ഒരു ശകാരമാണ്. ആ വിളിയിൽ നിന്നും പുറമ്പോക്കിനെ പുറത്തെടുത്ത് പ്രശ്നവത്കരിക്കുകയാണ് 'പുറമ്പോക്ക് പാടൽ'ന്റെ അണിയറ പ്രവർത്തകർ. മോശമായ ഒരു വ്യക്തിയോ സ്ഥലമോ ആയി പുറമ്പോക്ക് എന്നതിന്റെ അർത്ഥം എങ്ങനെയാണ് മാറിയപ്പോയത് എന്നത് വ്യക്തമാക്കുന്ന വരികൾ എഴുതിയിരിക്കുന്നത് കബേർ വാസുകിയാണ്. പൊതു ഇടങ്ങൾ ഇല്ലാതായതിന്റെയും പൊതുവായതിന് പ്രാധാന്യമില്ലാത്തവിധം സാമൂഹിക ജീവിതം ചുരുങ്ങിപ്പോയതിന്റെയും പ്രതിഫലനമാണ് പുറമ്പോക്കിനെ ഒരു തെറിയായി മാറ്റുന്നത്. സ്വകാര്യ ഇടങ്ങൾ കൂടുതലായി വികസിപ്പിക്കാനും ഭദ്രമാക്കാനും ശ്രമിക്കുന്നതിനിടയിൽ പൊതുവായ ഇടങ്ങളൊന്നും ആവശ്യമില്ലാതെയായ മനുഷ്യർ പുറമ്പോക്കുകളെ കുപ്പത്തൊട്ടികളാക്കി മാറ്റുകയായിരുന്നു. ഉപഭോഗത്വരയുടെ അവശിഷ്ടങ്ങൾ വലിച്ചെറിയാനുള്ള ഇടങ്ങളായി പുറമ്പോക്കുകൾ ചീഞ്ഞളിഞ്ഞു. അതുമല്ലെങ്കിൽ മുഖ്യധാരയിൽ നിന്നും നിഷ്കാസിതരായവരെ കുടിയിരുത്തുന്നതിനുള്ള ചേരികളായി അത് മാറി.

വികസനവും നഗരവത്കരണവും പുറമ്പോക്കുകളുടെ ശിഥിലമാകലിന് ആക്കം കൂട്ടി. മഹാനഗരങ്ങൾക്ക് ഇന്ന് പഴയ അർത്ഥത്തിലുള്ള പുറമ്പോക്കുകളില്ല; ചേരികളും കുപ്പത്തൊട്ടികളും മാത്രമേയുള്ളൂ. വികസനം അധീശാധികാരത്തോടെ പുറമ്പോക്കുകളെയെല്ലാം പിടിച്ചെടുത്തു കഴിഞ്ഞിരിക്കുന്നു. ഇന്ത്യയിലെ വൻ നഗരങ്ങൾ, നഗരാതിർത്തികളിലെ പുറമ്പോക്കുകളിലേക്ക് വളർന്നുകൊണ്ടേയിരിക്കുകയാണ്. നീർത്തടങ്ങളേക്കാൾ നഗരം പ്രാധാന്യം കൽപ്പിക്കുന്നത് കെട്ടിടങ്ങൾക്കും റോഡുകൾക്കും ഫ്ളൈഓവറുകൾക്കും മറ്റുമാണ്. അതോടെ പുറമ്പോക്ക് ഭൂമിയിലുണ്ടായിരുന്ന നീർത്തടങ്ങളും ജലാശയങ്ങളും മൈതാനങ്ങളും വരെ കെട്ടിടങ്ങളാൽ നികത്തപ്പെട്ടു. അവശേഷിച്ച സ്ഥലങ്ങൾ മാലിന്യനിക്ഷേപ കേന്ദ്രങ്ങളായി മാറുകയും ചെയ്തു. ഇത് സാരമായി ബാധിച്ചത് പ്രകൃത്യാൽത്തന്നെ പൊതുവായിരിക്കുന്ന കടലിനേയും പുഴയേയും കുന്നുകളെയും നീർത്തടങ്ങളെയും ആശ്രയിച്ചുകഴിയുന്ന തദ്ദേശീയസമൂഹങ്ങളെയാണ്. ഉപജീവനമാർഗ്ഗത്തിനായുള്ള സാമൂഹിക വിഭവം എന്ന നിലയിൽ തലമുറകളായി അവർ സംരക്ഷിച്ചു പോന്നിരുന്ന പൊതുവിഭവങ്ങളാണ് (പുറമ്പോക്കുകളാണ്) നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. പുറമ്പോക്കുകൾ കുപ്പത്തൊട്ടികളായി മാറുന്നത് നഗരത്തിലെ വരേണ്യർക്ക് ഒരു വിഷയമായിരിക്കില്ല. എന്നാൽ അരികുവത്കരിക്കപ്പെട്ട ജനസമൂഹങ്ങളെ അത് കൂടുതൽ ദരിദ്രരാക്കുകയാണ് ചെയ്യുന്നത്. പൊതുവിഭവങ്ങളിൽ നിന്നും അന്യവത്കരിക്കപ്പെടുന്നതോടെ അവരുടെ സാമ്പത്തിക ഭദ്രത തകരുന്നു. ഇതുകൂടാതെയാണ് 'പോടാ പുറമ്പോക്കേ' എന്ന വിളികൂടി അവരുടെ മുകളിൽ വന്നുപതിക്കുന്നത്. അങ്ങനെ 'പുറമ്പോക്ക്' ഒരു സാംസ്കാരിക പ്രശ്നം കൂടിയായി മാറുന്നു. അതുകൊണ്ടാണ് പുറമ്പോക്ക് എന്ന വാക്കിന്റെ ശരിയായ അർത്ഥം വീണ്ടെടുക്കാൻ ഒരു സാംസ്കാരിക ഇടപെടൽ തന്നെ നിത്യാനന്ദ് ജയരാമനും സുഹൃത്തുക്കളും നടത്തിയിരിക്കുന്നത്. ടി.എം. കൃഷ്ണയുടെ സാന്നിദ്ധ്യം കൂടിയാകുന്നതോടെ ആ ഇടപെടലിന്റെ വ്യാപ്തി ചെന്നൈയുടെയും തമിഴ്നാടിന്റെയും ഇന്ത്യയുടെയും അതിരുകൾ വിട്ട് വികസിക്കുകയാണ്. ലക്ഷക്കണക്കിന് ആളുകൾ ഇപ്പോൾത്തന്നെ കണ്ടുകഴിഞ്ഞിരിക്കുന്നു ഈ പത്ത് മിനിട്ട് ദൈർഘ്യമുള്ള യു ട്യൂബ് വീഡിയോ. "പുറമ്പോക്ക് എനക്ക് ഇല്ല, പുറമ്പോക്ക് ഉനക്ക് ഇല്ല; പുറമ്പോക്ക് ഊരുക്ക്, പുറമ്പോക്ക് ഭൂമിക്ക്..." എന്ന് എന്നോറിലെ പുറമ്പോക്കിന്റെ പല കോണുകളിലിരുന്ന് ടി.എം. കൃഷ്ണ പാടുമ്പോൾ ആ ആലാപന ശൈലികൊണ്ടും തമിഴിന്റെ മൊഴിയഴകുകൊണ്ടും ആരും ആ പാട്ടിന്റെ രാഷ്ട്രീയ മാനങ്ങളിലേക്ക് അറിയാതെ ലയിച്ചുപോകും. ചെന്നൈയിലെ വാമൊഴിയിൽ തന്നെ എഴുതിയിരിക്കുന്ന വരികൾ അത്രയ്ക്ക് അർത്ഥപൂർണ്ണവും മനോഹരവുമാണ്. പാട്ട് വാമൊഴിത്തമിഴിലും സംഗീതം കർണ്ണാടക സം

> ടി.എം. കൃഷ്ണ പാടുമ്പോൾ ആ ആലാപന ശൈലികൊണ്ടും തമിഴിന്റെ മൊഴിയഴകുകൊണ്ടും ആരും ആ പാട്ടിന്റെ രാഷ്ട്രീയ മാനങ്ങളിലേക്ക് അറിയാതെ ലയിച്ചുപോകും. ചെന്നൈയിലെ വാമൊഴിയിൽ തന്നെ എഴുതിയിരിക്കുന്ന വരികൾ അത്രയ്ക്ക് അർത്ഥപൂർണ്ണവും മനോഹരവുമാണ്. പാട്ട് വാമൊഴിത്തമിഴിലും സംഗീതം കർണ്ണാടക സംഗീതത്തിലെ ക്ലാസിക്കൽ രാഗങ്ങളിലും ചിട്ടപ്പെടുത്തിയിരിക്കുന്നതിന്റെ സൗന്ദര്യം കൂടിയാണ് 'പുറമ്പോക്ക് പാടലി'ന്റെ രാഷ്ട്രീയ പൊരുൾ.

ഗീതത്തിലെ ക്ലാസിക്കൽ രാഗങ്ങളിലും ചിട്ടപ്പെടുത്തിയിരിക്കുന്നതിന്റെ സൗന്ദര്യം കൂടിയാണ് 'പുറമ്പോക്ക് പാടലി'ന്റെ രാഷ്ട്രീയ പൊരുൾ.

എന്തുകൊണ്ടാണ് കർണ്ണാടക സംഗീതത്തിൽ ദൈവത്തെക്കുറിച്ച് അല്ലാതെ മറ്റ് വിഷയങ്ങൾ ഇല്ലാത്തത് എന്ന ചോദ്യം ടി.എം. കൃഷ്ണ വളരെ മുമ്പ് തന്നെ ഉന്നയിച്ചിരുന്നു. ആ ചോദ്യത്തിനുള്ള ഉത്തരത്തിൽ പങ്കാളിയാകാൻ പുറമ്പോക്ക് പാട്ടിലൂടെ അദ്ദേഹത്തിനും കഴിഞ്ഞിരിക്കുന്നു. രാഷ്ട്രീയ പ്രാധാന്യമുള്ള വിഷയത്തെ കർണ്ണാടക സംഗീതത്തിലേക്ക് എത്തിക്കുക എന്നതിനൊപ്പം തന്നെ അതിനായി ഉപയോഗിക്കുന്ന ഭാഷയെക്കുറിച്ചും ടി.എം. കൃഷ്ണയ്ക്ക് വ്യക്തമായ കാഴ്ച്ചപാടുണ്ടായിരുന്നു. പൂർണ്ണമായും തമിഴിൽ എഴുതപ്പെട്ടിരിക്കുന്ന പുറമ്പോക്ക് പാട്ട് സംസ്കൃതം മാത്രമല്ല കർണ്ണാട്ടിക് രാഗങ്ങൾക്ക് വഴങ്ങുന്നതെന്ന് അടിവരയിട്ട് ഉറപ്പിക്കുന്നു. അത് സംഭവ്യമായപ്പോഴുണ്ടായ ആഹ്ലാദം കൃഷ്ണ തന്നെ ഈ ആൽബം പുറത്തിറക്കുന്ന ചടങ്ങിൽ വച്ച് പങ്കുവയ്ക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് ഇപ്രകാരണമാണ്, "ഏത് സംഗീതത്തിനും അതിന്റേതായ ഒരു ഗതി/ചലനം ഉണ്ട്. തമിഴിൽ തന്നെ ചില അക്ഷരങ്ങളെ മാത്രമേ അത് ഉൾക്കൊള്ളുന്നുള്ളൂ. അപ്പോൾ ഒരു ആനന്ദഭൈരവിയിൽ ചെന്നൈ തമിഴ് പാടിയാൽ എങ്ങനെയിരിക്കും? അതിശയമെന്ന് പറയട്ടെ! അത് കൃത്യമായി ഉൾക്കൊള്ളുന്നു. അതിലൊരു പ്രശ്നവും ഉണ്ടാകുന്നില്ല. പൂർണ്ണമായും ഒരു സംഗീതാനുഭവം എന്ന നിലയിലും, രാഷ്ട്രീയ നിലപാടിലൂന്നിയ ഒരു നിലയിൽ നിന്നുകൊണ്ടും അത് പ്രവർത്തിക്കുന്നു. അതിന് അങ്ങനെ പ്രവർത്തിക്കാനാകില്ല എന്ന് നമ്മൾ ചിന്തിക്കുന്നത് തെറ്റാണ്.

കർണ്ണാട സംഗീതത്തിൽ വിവിധ വിഷയങ്ങളും ഗ്രാമ്യ ഭാഷകളും ഉണ്ടാകണമെന്ന് പറയാൻ എളുപ്പമാണ്. പക്ഷെ അത് ഒരു തവണ ചെയ്ത് നോക്കുമ്പോഴാണ് അത് എങ്ങനെ പ്രവർത്തിക്കുന്നു എന്ന് അറിയുകയുള്ളൂ. ഇനിയിപ്പോൾ കർണ്ണാടക സംഗീതത്തിന് വേണ്ടി വിവിധ കമ്മ്യൂണിറ്റികളിൽ നിന്നുമുള്ളവർക്കും അവരുടേതായ ഗ്രാമ്യഭാഷയിൽ എഴുതാനുള്ള സാദ്ധ്യത ഇതിലൂടെ തുറന്നു വരുന്നുണ്ട്. മാത്രവുമല്ല ഈ സംഗീതവും ഏവർക്കും പ്രാപ്യമായ രീതിയിൽ ഇതിലെ ഭാഷകൊണ്ട് ആയിത്തീരുന്നു. ചെന്നൈ തമിഴിൽ പാടുന്ന കാംബോജി പാവന തമിഴിൽ പാടുന്ന കാംബോജിയോളം അകലത്തല്ലാതാകുന്നു..."



ടി.എം. കൃഷ്ണയുടെ ഈ രാഷ്ട്രീയ ബോധ്യംകൊണ്ട് ഈ പാട്ടിന് സംഗീതം നൽകാൻ അദ്ദേഹം ക്ഷണിച്ചത് കർണ്ണാടക സംഗീതത്തിൽ അഗ്രഗണ്യനായ പ്രശസ്ത വയലിനിസ്റ്റ് ആർ.കെ. ശ്രീറാമിനെയായിരുന്നു. തടസ്സങ്ങളൊന്നും ഉന്നയിക്കാതെ സംസ്കൃത പണ്ഢിതൻ കൂടിയായ ശ്രീറാം ഈ വാമൊഴി വരികൾക്ക് സംഗീതം നൽകാൻ സന്നദ്ധനായി എന്ന് കൃഷ്ണ തന്നെ പറഞ്ഞിരുന്നു. അത്തരത്തിൽ പരീക്ഷണങ്ങളുടെ ഒരു രാഗമാലിക തന്നെയായി പുറമ്പോക്ക് പാട്ട് മാറുന്നു.

പുറമ്പോക്കിന്റെ നഷ്ടമാകലിനെക്കുറിച്ച് മാത്രമല്ല ഈ പാട്ട് പറയുന്നത്, ഈ തലതിരിഞ്ഞ വികസനത്തെ പ്രതിരോധിക്കാൻ തയ്യാറായില്ലെങ്കിൽ 'മേക്ക് ഇന്ത്യ'യുടെ രൂപത്തിൽ നിങ്ങളുടെ മേൽ അടിച്ചേൽപ്പിക്കപ്പെടും എന്നുകൂടി അത് നമ്മളെ ഓർമ്മിപ്പിക്കുന്നു. "ഞാൻ തുടർന്നും എന്റെ ജീവിതത്തിൽ ത്യാഗരാജ കൃതികൾ പാടിക്കൊണ്ടേയിരിക്കും; 'പുറമ്പോക്കി'നോട് സഹവർത്തിച്ചുകൊണ്ടുതന്നെ അത് നിലനിൽക്കുകയും ചെയ്യും" എന്ന് പ്രഖ്യാപിച്ചുകൊണ്ട് ടി.എം. കൃഷ്ണയും ആ രാഷ്ട്രീയത്തെ മുന്നോട്ടുകൊണ്ടുപോകുന്നു. പുറമ്പോക്കുകളുടെ സാംസ്കാരികവും രാഷ്ട്രീയവും സ്ഥലപരവുമായ വീണ്ടെടുപ്പ് കാലം ആവശ്യപ്പെടുന്ന ഒരു സാമൂഹ്യദൗത്യമായി എല്ലാ സമൂഹങ്ങളും ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ■